19 പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയില്ല. 1. കൂത്താളി 2. പന്നികോട്ടൂർ 3. വേല് 4. ഓമശ്ശേരി 5. ചെങ്ങരോത്ത് 6. മച്ചാട് 7. മടവൂർ 8. കായെണ്ണ 9. പറങ്ങോട് 10. പെരുവയൽ 11. പെരിങ്ങോട്ട് കാവ് 12. ഇടശ്ശേരി 13. കായക്കൊടി 14. കീഴരിയൂർ 15. കിഴക്കോട്ട് 16. മടപ്പള്ളി 17. മൂടാടി 18. തുണേരി 19. വയല. പൊതു ജന താൽപര്യം പ്രമാണിച്ച് മേൽ പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ലഭ്യമാണ്.

വയനാട് ജില്ല

19 പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ഇല്ല. 1. അമ്പലവയൽ 2. എടവക 3. മീനങ്ങാടി 4. മേപ്പാടി 5. മുള്ളംകൊല്ലി 6. നെൻമേനി 7. പടിഞ്ഞാറെത്തറ 8. പനമരം 9. പൂതാടി 10. പഴുതന 11. നൂൽപുഴ 12. കരിയോട് 13. തവിഞ്ഞാൽ 14. തിരുനെല്ലി 15. വെള്ളമുണ്ട 16. വൈത്തിരി 17. മുട്ടിൽ 18. കോട്ടത്തറ 19. വേണ്ടപ്പള്ളി. സുൽത്താൻ ബത്തേരി, പുൽപ്പള്ളി, മാനന്തവാടി എന്നിവിടങ്ങളിൽ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയാണുള്ളത്.

കണ്ണൂർ ജില്ല

ജില്ലയിൽ 81 പഞ്ചായത്തുകളിലായി 72 ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുണ്ട്. കുഞ്ഞിമംഗലം, മാട്ടൂർ, കരിവള്ളൂർ, കാങ്കോൽ, ആലപ്പടമ്പ്, എരമംകുറ്റൂർ, പട്ടുവം, ചെറുകുന്ന്, ചെങ്ങളായി, നാറാത്ത്, മലപട്ടം, കൊളച്ചേരി, പള്ളിക്കുന്ന്, കോട്ടയം മലബാർ, വളപട്ടണം, അഞ്ചരക്കണ്ടി, ചേലോറ, പെരിങ്ങളം, ന്യൂമാഹി, മൊകേരി, വേങ്ങാട്, കീഴനല്ലൂർ, തില്ലങ്കേരി, മാലൂർ, പേരാവൂർ എന്നീ പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ചാർജ് നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ല

6 പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയില്ല. 1. വലിയപറമ്പ് 2. പീലിക്കോട് 3. മനൂർ 4. കാരടുക്ക 5. ഷേങ്ങല 6. ദേലംപാടി.

(ബി) തല്ക്കാലം പരിഗണനയിൽ ഇല്ല.

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ തസ്തിക

166(1654)ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ തസ്തിക എന്നുമുതൽ ഒഴിഞ്ഞു കിടക്കുന്നുവെന്ന് അറിയിക്കുമോ;

(ബി) ഈ തസ്തികയിൽ നിയമനം നടത്താത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ അടിയന്തിരമായി നിയമിക്കുവാൻ നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1.5.99 മുതൽ.

(ബി)&(സി) ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

ഡിസ്പോസിബിൾ സിറിഞ്ചുകൾ വീണ്ടും ഉപയോഗിക്കുന്നതിനെതിരെ നടപടി

167(1655)ശ്രീ. പി.കെ. കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല ആശുപത്രികളിലും മെഡിക്കൽ സ്റ്റോറുകളിലും ഡിസ്പോസിബിൾ സിറിഞ്ചുകൾ കവറിലാക്കി വീണ്ടും എത്തുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളിൽ സിറിഞ്ചുകൾ ഉപയോഗിച്ചതിനുശേഷം വീണ്ടും ഉപയോഗിക്കുവാൻ പറ്റാത്ത രീതിയിൽ നശിപ്പിക്കുവാനുള്ള സംവിധാനം ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിലുള്ള സംവിധാനം എല്ലാ ആശുപത്രികളിലും എത്തിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ഡിസ്പോസിബിൾ സിറിഞ്ചുകൾ ഉപയോഗിച്ചതിനുശേഷം 'ക്രഷർ' ഉപയോഗിച്ച് നശിപ്പിച്ചു കളയുവാനുള്ള സംവിധാനം നിലവിലുണ്ട്.

(ഡി) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ ആശുപത്രികളിലും ഇതിനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്.

പ്ലാസ്റ്റിക്കിന്റെ നിർമ്മാണവും ഉപയോഗവും

168 (1656)ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക്കിന്റെ നിർമ്മാണവും ഉപയോഗവും പൂർണ്ണമായും നിരോധിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ മേഖലകളിലാണ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിരോധിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly